(ഇ) പത്ത് വർഷം മുൻപുള്ള സ്റ്റാഫ് പാറ്റേൺ തന്നെയാണോ വകുപ്പിലിപ്പോഴും നിലനിൽക്കുന്നത് ; ഇക്കാര്യത്തിൽ വർദ്ധിച്ചുവരുന്ന ഫണ്ട് വിനിയോഗിക്കുവാൻ ഡയറക്ടറേറ്റിലെ അടക്കം നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ ; എങ്കിൽ വിശദീകരണം നൽകുമോ ; പര്യാപ്തമല്ലെങ്കിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(എഫ്) മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് വകുപ്പിന്റെ വിപുലീകരണം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; പരിഗണനയിൽ ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു അറിയിക്കുമോ ?

ഉത്തരം

(എ-ഡി) പി. ആന്റ് എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ഇ&എഫ്) പി.ആന്റ് എ.ആർ.ഡി. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേൽ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

പെൺകുട്ടികൾ ചൂക്ഷണത്തിനിരയാകുന്നത് സംബന്ധിച്ച്

248 (4239) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർശന നിയമങ്ങൾ നിലവിലുണ്ടായിട്ടും പെൺകുട്ടികൾ ഉൾപ്പെടെയുള്ള ആദിവാസികൾ നിരന്തരം പീഡനങ്ങൾക്കും, ചൂഷണങ്ങൾക്കും ഇരയാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിയമപരിരക്ഷയേയും അവകാശങ്ങളേയും കുറിച്ച് ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിലെ ദുർബ്ബലരും, നിയമ പരിരക്ഷകളെക്കുറിച്ച് അവബോധമില്ലാത്തവരുമാണ് ഇപ്പോഴും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരയാകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1989-ലെ പി.ഒ.എ. ആക്ട് പ്രകാരം പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ/ചൂഷണങ്ങൾ തടയുന്നതിനെതിരെയും അവർക്ക് ലഭ്യമാകുന്ന നിയമ പരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസസ് അതോറിറ്റി മുഖേനയായും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തോടുകൂടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ എസ്.സി./എസ്.ടി. കമ്മീഷനും ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കുന്നു.

ആദിവാസി വിഭാഗങ്ങളുടെ ക്ഷേമപദ്ധതികൾ

249 (4240) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ ;

(ബി) പട്ടയമോ കൈവശരേഖയോ ഇല്ലാത്ത ആദിവാസി കുടുംബങ്ങളുടെ വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ടി.ആർ.ഡി.എം., ഭൂരഹിത കേരളം പദ്ധതി, കെ.എസ്.റ്റി. ആക്ട്, വനാവകാശ നിയമം, ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം പദ്ധതി എന്നിവയിലൂടെ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കണക്കുകളനുസരിച്ച് 2014 നവംബർ മാസംവരെ 10,517 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരായ ആദിവാസികൾക്കും ഭൂമി ലഭ്യമാക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ലക്ഷ്യമിടുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly